## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1008**

25.01.2018-ലെ മറുപടി

## പള്ളിച്ചൽ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഐ.ബി.സതീഷ് | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പള്ളിച്ചൽ കുടിവെള്ള പദ്ധതി (ജി ഒ . (ആർ.ടി).893/2016/ഡബ്ല്യൂ.ആർഡി തീയതി.16.11.16) നടപ്പിലാക്കുന്നതിനുള്ള നടപടിയെന്തായെന്ന് വിശദമാക്കാമോ; അടിയന്തര പ്രാധാന്യത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (എ) | വിളവൂർക്കൽ പഞ്ചായത്തിലെ പിടാരത്ത് പുതുതായി നിർമ്മിക്കേണ്ട 4 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി, 4.3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണി എന്നിവയുടെ നിർമ്മാണവും, പള്ളിച്ചൽ പഞ്ചായത്തിലെ പൂവടയിൽ നിർമ്മിക്കേണ്ട 8.7 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണിയുടെ നിർമ്മാണ പ്രവൃത്തികളും, വിളവൂർക്കൽ പഞ്ചായത്തിൽ സ്ഥാപിക്കേണ്ട ജലവിതരണ ശൃംഖലയുടെ പ്രവൃത്തികളും ഉൾപ്പെടുന്ന പാക്കേജിന് 2016-17-ൽ RIDF XXII-ൽ ഉൾപ്പെടുത്തി നബാർഡിൽ നിന്ന് 10.24 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ച് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ